കമാൻഡ് ഏരിയ വികസന അതോറിറ്റി ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ

60 (1727) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തികവർഷം കാഡ ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ ഏതെല്ലാം എന്നറിയിക്കുമോ ;

(ബി) ഈ പദ്ധതികൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുക എത്ര എന്നറിയിക്കുമോ ;

(സി) അതിൽ 31-01-2000 വരെ ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിലേക്ക് കേന്ദ്രസർക്കാർ സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) കുറ്റ്യാടി ജലസേചനപദ്ധതിക്ക് ഈ സാമ്പത്തികവർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

(ബി-ഡി) ഉദിക്കുന്നില്ല.

(ഇ) 2.14 കോടി രൂപ.

മാരാരിക്കുളം പഞ്ചായത്തിലെ കടൽഭിത്തി നിർമ്മാണം

61 (1728) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരാരിക്കുളം തെക്ക് പഞ്ചായത്ത് 9-ാം വാർഡിൽ ബി. എൽ. എസ് 112-ാം നമ്പർ കടൽഭിത്തിക്ക് വടക്കുവശം ഏകദേശം ആറ് കിലോമീറ്റർ നീളത്തിൽ കഴിഞ്ഞ മൺസൂൺ കാലത്തും 2000-ാമാണ്ട് ജനുവരി, ഫെബ്രുവരി മാസങ്ങളിലും കനത്ത കടലാക്രമണത്തിനിരയാകുകയും വീടുകളും തെങ്ങുകളും നഷ്ടപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടുത്ത മൺസൂൺകാലത്തിന് മുൻപായി പ്രസ്തുത സ്ഥലത്ത് കടൽഭിത്തി കെട്ടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ബി. എൽ. എസ്. 112-ാം നമ്പർ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പ്രദേശത്ത് കടൽഭിത്തികളുടെ മെയിന്റനൻസിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പുതിയ മെയിന്റനൻസ് പണികൾ ഏറ്റെടുക്കുന്നതിന് ,തൽക്കാലം നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്നതാണ്.

(സി) ബി.എൽ.എസ്. 112 -ന് സമീപം 250 മീറ്റർ നീളം കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിലേക്കായി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.

ആലപ്പുഴയിലെ കടൽഭിത്തി നിർമ്മാണം

62 (1729) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ കടലാക്രമണഭീഷണി ചെറുക്കുന്നതിനായി എത്ര കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തി കെട്ടി സംരക്ഷിക്കേണ്ട പ്രദേശങ്ങൾ ഉണ്ട് എന്ന് വിശദമാക്കാമോ ;

(ബി) എത്ര കിലോമീറ്റർ ദൂരത്തിൽ എവിടെയെല്ലാം കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട് ;

(സി) കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ള ഏതെല്ലാം പ്രദേശങ്ങളിലെ കടൽഭിത്തികൾക്കാണ് അറ്റകുറ്റപ്പണികൾ ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുമോ ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ എത്ര കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തി നഗരത്തിലെ കടലോരപ്രദേശത്ത് നിർമ്മിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ഇ) നഗരത്തിൽ ആവശ്യമുള്ള പ്രദേശങ്ങളിൽ കടൽഭിത്തികെട്ടി സംരക്ഷിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ നഗരത്തിൽ തുമ്പോളി ഭാഗത്ത് 1 കിലോമീറ്റർ നീളത്തിലും, ആലപ്പുഴ ജില്ലാ ആശുപത്രിക്ക് സമീപം 150 മീറ്റർ നീളത്തിലും കടൽഭിത്തി കെട്ടി സംരക്ഷിക്കേണ്ടതായുണ്ട്.

(ബി) ആലപ്പുഴ നഗരത്തിൽ വടക്ക് തുമ്പോളി മുതൽ തെക്ക് വാടയ്ക്കൽ വരെയുള്ള ഭാഗത്ത് 5.90 കിലോമീറ്റർ നീളത്തിൽ കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ വിജയ പാർക്കിന്റെ പുറകുവശത്ത് ഏകദേശം 200 മീറ്ററും തുമ്പോളിയിൽ 150 മീറ്ററും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുണ്ട്. ഇതിനായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ആലപ്പുഴ നഗരത്തിൽ ജില്ലാ ആശുപത്രിക്ക് സമീപം 100 മീറ്റർ കടൽഭിത്തി നിർമ്മാണം നടന്നുവരുന്നു.

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly